(സി) പ്രത്യേക ഘടക പദ്ധതിയിലും പട്ടികവർഗ്ഗ ഉപപദ്ധതിയിലും യഥാക്രമം 101.71 കോടി രൂപയും 21.7016 കോടി രൂപയും 31-12-1999 വരെ ചെലവഴിച്ചിട്ടുണ്ട്. അവയുടെ വകുപ്പ് തിരിച്ചുള്ള വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

**പട്ടികവർഗ്ഗ വികസന ഓഫീസ് ആരംഭിക്കാൻ നടപടി**

**4(907)** ശ്രീ. പി. ജെ. ഫ്രാൻസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏഴായിരത്തോളം പട്ടികവർഗ്ഗ ജനസംഖ്യയുള്ള കൊല്ലം ജില്ലയ്ക്കും ഏഴായിരത്തോളം പട്ടികവർഗ്ഗ ജനസംഖ്യയുള്ള ആലപ്പുഴ ജില്ലയ്ക്കും കൂടി ഒരു പട്ടികവർഗ്ഗ വികസന ജില്ലാ ഓഫീസ് മാത്രം പ്രവർത്തിക്കുന്നത് കൊണ്ട് പട്ടികവർഗ്ഗത്തിന് ലക്ഷ്യമിട്ട നേട്ടം കൈവരിക്കുന്നതിന് കാലവിളംബം നേരിടുന്നു എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തൻമൂലം ആലപ്പുഴ ജില്ലയിൽ നിന്നും പട്ടികവർഗ്ഗത്തിന് നീക്കി വച്ചിട്ടുള്ള മെഡിക്കൽ കോളേജ് പ്രവേശന സംവരണത്തിൽ ഒരൊറ്റ വിദ്യാർത്ഥി പോലും നാളിതുവരെ ഉണ്ടായിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അതിലുപരിയായി ആലപ്പുഴ ജില്ലയിൽ പട്ടികവർഗ്ഗത്തിലെ ഉള്ളാട ഉപജാതിയിൽ നിന്നും ഒരൊറ്റ ഡിഗ്രി വിദ്യാർത്ഥി പോലും നാളിതുവരെ ഉണ്ടായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ചേർത്തല താലൂക്കിലെ രണ്ടായിരത്തോളം വരുന്ന പട്ടികവർഗ്ഗ ജനസംഖ്യ കണക്കിലെടുത്ത് ഒരു താലൂക്ക് എക്സ്റ്റൻഷൻ ഓഫീസ് തുറന്ന് പ്രവർത്തിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) ആലപ്പുഴ ജില്ലയിൽ എല്ലാ വികസന ബ്ലോക്കുകളുടെ പരിധിയിലും മുൻസിപ്പൽ പ്രദേശത്തും ചിന്നിച്ചിതറി വ്യാപിച്ച് കിടക്കുന്ന പട്ടികവർഗ്ഗക്കാർക്ക് കാര്യക്ഷമമായ സേവനം ലഭ്യമാക്കുന്നതിന് നിലവിലുള്ള എക്സ്റ്റൻഷൻ ഓഫീസിൽ സ്റ്റാഫിനെ വർദ്ധിപ്പിക്കുവാനും ഒരു വാഹനം കൊടുക്കുവാനുമുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ആലപ്പുഴ ജില്ലയിലെ നാല് പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഇപ്പോൾ മെഡിക്കൽ പഠനം നടത്തുന്നുണ്ട്.

(സി) ഉള്ളാട സമുദായത്തിൽപ്പെട്ട അഞ്ച് ഡിഗ്രി വിദ്യാർത്ഥികൾ പഠനം നടത്തിവരുന്നു.

---

+അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആവശ്യമുള്ളതായി കാണുന്നില്ല.

(ഇ) സ്റ്റാഫിനെ നിയമിക്കുന്ന കാര്യം പരിഗണിച്ച് വരുന്നു. വാഹനം കൊടുക്കുന്ന കാര്യം പരിഗണനയിലില്ല.

## തണ്ണിത്തോട് പടിഞ്ഞാറ്റേതിൽ പടി-ചരുവിലെ ഹരിജൻ കോളനി റോഡ് പണി

**5(908)** ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി നിയോജകമണ്ഡലത്തിലെ തണ്ണിത്തോട് പഞ്ചായത്തിലെ തേക്കുകോട് പടിഞ്ഞാറ്റേതിൽ പടി-ചരുവിലെ ഹരിജൻ കോളനി റോഡ് പണി പ്രത്യേകഘടകപദ്ധതി പ്രകാരം ഏറ്റെടുത്തിട്ടുള്ളതാണോ ; എങ്കിൽ എന്ന് ;

(ബി) ഈ റോഡ് ഗതാഗതയോഗ്യമാക്കിയിട്ടിട്ടുണ്ടോ ; ഇതിനായി ടെന്റർ ചെയ്തതെന്നാണെന്നും എസ്റ്റിമേറ്റ് തുക എത്രയാണെന്നും വ്യക്തമാക്കാമോ ;

(സി) പണി എന്നാണ് പൂർത്തിയാക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രത്യേക ഘടകപദ്ധതിപ്രകാരം ഏറ്റെടുത്തിട്ടുള്ളതാണ്. ജില്ലാ പ്ലാനിംഗ് ഓഫീസിറുടെ 14-2-1987 ലെ എം. എസ്. 335/06/എസ്. സി. പ. നമ്പർ ഉത്തരവ് പ്രകാരം.

(ബി) ഉണ്ട്. 17-3-1987-ൽ എസ്റ്റിമേറ്റ് തുക 6,30,000 രൂപ റിവൈസ്ഡ് എസ്റ്റിമേറ്റ് തുക 9,28,492 രൂപ.

(സി) 7-10-1999-ൽ പണി പൂർത്തിയായി.

## പട്ടികജാതി-പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ

**6(909)** ശ്രീമതി എൻ. കെ. രാധ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. എൻ. ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ കഴിഞ്ഞ മൂന്ന് വർഷകാലയളവിൽ വർദ്ധിച്ചിട്ടുള്ളതായി സർക്കാർ കരുതുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിന് അടിസ്ഥാനമായിട്ടുള്ള കാര്യങ്ങൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly